LIBRARY ARCHIVES Kerala Legislative Assembly

സാമൂഹ്യസുരക്ഷാ പെൻഷനുകളുടെ കുടിശ്ശിക

410 (1856) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യസുരക്ഷാ പെൻഷനുകൾ ഏത് കാലയളവ് വരെ നൽകിയിട്ടുണ്ട് എന്ന് വിശദമാക്കാമോ ;

(ബി) കുടിശ്ശിക തുക എന്ന് നൽകാനാകും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സാമൂഹ്യക്ഷേമ പെൻഷനുകൾ 2014 ആഗസ്റ്റ് മാസം വരെ വിതരണം ചെയ്യുന്നതിനുള്ള തുക ജില്ലാ കളക്ടർമാർക്ക് അനുവദിച്ചിട്ടുണ്ട്.

(ബി) 2014 സെപ്റ്റംബർ മുതലുള്ള പെൻഷൻ വിതരണത്തിനായി ഉപധനാഭ്യർത്ഥനയിലൂടെ ഫണ്ട് ലഭ്യമാക്കി അടിയന്തരമായി പെൻഷൻ കുടിശ്ശിക വിതരണം നടത്തുന്നതാണ്.

അങ്കണവാടികളുടെ സുരക്ഷ

411 (1857) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പല അങ്കണവാടികളും സുരക്ഷിതമല്ലാത്ത സാഹചര്യത്തിലാണ് പ്രവർത്തിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്?

ഉത്തരം

ഉണ്ട്. നാമമാത്രമായ അങ്കണവാടികൾ മാത്രമാണ് സുരക്ഷിതമല്ലാത്ത സാഹചര്യത്തിൽ കണ്ടെത്തിയിട്ടുള്ളത്. അങ്കണവാടി കെട്ടിടങ്ങൾ സുരക്ഷിതമായാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പ് വരുത്താൻ എല്ലാ വർഷവും ബന്ധപ്പെട്ട എഞ്ചിനീയറിൽ നിന്നും കെട്ടിടത്തിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത അങ്കണവാടികൾ സൗകര്യപ്രദവും സുരക്ഷിതവുമായ കെട്ടിടങ്ങളിലേക്ക് മാറ്റുന്നതിന് നടപടികളെടുത്തിട്ടുണ്ട്. സ്വന്തമായി സ്ഥലമുള്ള എല്ലാ അങ്കണവാടികൾക്കും കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും സ്വന്തമായി കെട്ടിടമുള്ള എല്ലാ അങ്കണവാടികൾക്കും ചുറ്റമതിൽ നിർമ്മിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.